# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 393 — 06.02.2013-ൽ മറുപടിയ്ക്ക്

## വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നുള്ള വൈദ്യുതി ചാർജ് കുടിശ്ശിക

**ചോദ്യം**

ശ്രീ. എ. എം. ആരിഫ്:

(എ) കെ. എസ്. ഇ. ബി.യ്ക്ക് മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക എത്രയെന്ന് വകുപ്പുകൾ തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) കെ.എസ്.ഇ.ബിയ്ക്ക് മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും 30.09.2012 ലെ കണക്കനുസരിച്ച് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ രൂപ | 95.27 കോടി |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും രൂപ | 490.75 കോടി |
| തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ രൂപ | 4.87 കോടി |
| കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ രൂപ | 0.62 കോടി |
| കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ രൂപ | 16.73 കോടി |
| ആകെ രൂപ | 608.24 കോടി |

ടി കുടിശ്ശികകളുടെ വിശദാംശങ്ങൾ അനുബന്ധം.1, 2, 3, 4, 5 ആയി ചേർത്തിട്ടുണ്ട്.

(ബി) കുടിശ്ശിക പിരിച്ചെടുക്കാൻ നിയമാനുസൃതമായ വിവിധ നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചുവരുന്നു.

(i) യഥാസമയം വൈദ്യുത ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം വിച്ഛേദിക്കുക.

(ii) ആറു മാസത്തിലേറെയായി വിച്ഛേദിച്ചു കിടക്കുന്ന വൈദ്യുത കണക്ഷൻ അഴിച്ചു മാറ്റി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക.

(iii) കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക.

(iv) പൂട്ടിക്കിടന്ന എച്ച്.ടി എൽ.ടി വിഭാഗങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ പ്ലാന്റേഷനുകൾ എന്നിവ നിശ്ചിത തീയതി

ക്ക മുമ്പേ തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ്, ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക.

(v) ദീർഘകാലമായി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾ 'മുതൽ' ഒറ്റത്തവണയിലോ തവണകളായോ ഒടുക്കുകയാണെങ്കിൽ പലിശയിൽ ഇളവനുവദിച്ചു കൊടുക്കുക. പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകൾ തുറന്നു പ്രവർത്തിക്കുന്നുവെങ്കിലോ അന്തിമമായി കുടിശ്ശിക കണക്കുകൾ തീർപ്പാക്കുക യാണെങ്കിലോ പലിശ 3% ആയി ഇളവ് ചെയ്ത് നൽകുന്നതാണ്. മറ്റ് ഉപഭോക്താക്കൾക്ക് പലിശ 5% ആയിരിക്കും. കുടിശ്ശികയിലെ 'മുതൽ' ഒറ്റത്തവണയിൽ അടയ്ക്കുകയാണെങ്കിൽ മാത്രമേ മേൽ പ്രസ്താവിച്ച ഇളവുകൾ ലഭ്യമാകൂ. അല്ലാത്ത പക്ഷം പലിശ യഥാക്രമം 6%-ഉം 9%-ഉം ആയിരിക്കുന്നതാണ്. ഈ പദ്ധതിയുടെ കാലാവധി 31.03.2013 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കോടതികളിൽ കുടിശ്ശിക സംബന്ധിച്ച് നിലവിലുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുക.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**